**2nd November 2015 / Monday** **8th day of 90 days**

***വിശുദ്ധ മത്തായി 20:28***

***'ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ കൊടുക്കാനും മനുഷ്യപുത്രൻ വന്നിരിക്കുന്നതുപോലെ തന്നെ.'***

യേശുക്രിസ്തുവിന്റെ വരവിന്റെ ലക്ഷ്യം വളരെ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്ന ഈ സത്യവചനത്തിന്റെ പൂർത്തീകരണത്തിനായി ദൈവത്തിന്റെ മക്കൾ ആയ നാം ഓരോരുത്തർ ചെയ്തുതീർക്കേണ്ടതായ അനേകം വേലകൾ ഉണ്ട്. രണ്ടാം വരവിനായി നാം ചെയ്തു തീർക്കേണ്ടതായ വേലകൾ പൂർത്തീകരിച്ച്, മണവാട്ടിയെ ഒരുക്കി കാത്തിരിക്കാൻ നാം മററുള്ളവരെ ശുശ്രൂഷിക്കപ്പെടാതെ, എല്ലാവരെയും ശ്രേഷ്ഠന്മാരെന്നു എണ്ണി ശുശ്രൂഷിക്കാൻ നമുക്ക് കഴിയണം. ക്രിസ്ത്യാനിയെന്ന നാമം കൊണ്ടു മാത്രം യേശുക്രിസ്തുവിന്റെ സഹോദരവർഗ്ഗത്തിലേക്കും മണവാട്ടി സഭയിലേക്കും ചേർക്കപ്പെടണമെന്നില്ല. സ്തുതികളിൽ വസിക്കുന്ന ദൈവത്തിന്റെ ഏകപുത്രൻ മനുഷ്യരുടെ രക്ഷയ്ക്കായി, പാപമോചനത്തിനായി, ശാപമോക്ഷത്തിനായി, ഈ ഭൂമിയിലേക്ക് ഇറങ്ങി വന്ന് മനുഷ്യപുത്രനായി, രക്ഷയുടെ പാതയിൽ സഞ്ചരിക്കുന്നവരായ നാം അതിന്റെ പൂർത്തീകരണത്തിനായി, മനുഷ്യരായ നാം ദൈവത്തിന്റെ മക്കളായി തീരണം. അതിനായി യേശുക്രിസ്തു വഴി കാണിച്ചു തന്നിരിക്കുന്നു. 'ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു.' സ്വർഗ്ഗത്തിൽ നിന്ന് യേശുക്രിസ്തു എങ്ങനെ മനുഷ്യനായി ഈ ലോകത്തിൽ അവതരിച്ചോ, അതേ പോലെ നാം ക്രിസ്തുവിനെ പിൻതുടർന്നാൽ ഈ ഭൂമിയിൽ നിന്ന് നമുക്ക് സ്വർഗ്ഗരാജ്യത്തിന്റെ അനുഭവത്തിൽ എത്തിച്ചേരാൻ കഴിയും. കഷ്ടതകൾ അനുഭവിച്ച് കുരിശിലേറി മൂന്നാം നാൾ ഉയിർത്തെഴുന്നേററ് പിതാവിന്റെ വലതുഭാഗത്തിരുന്ന്, ശത്രുക്കളെ തോൽപ്പിക്കാൻ നമ്മളെ പരിശീലിപ്പിക്കുകയാണ്. നമ്മുടെ ഓരോരുത്തരുടെയും ജീവിത ലക്ഷ്യം, ഭൗതികമല്ല; ആത്മീയമായ ലക്ഷ്യം എന്താണ് എന്ന് തിരിച്ചറിഞ്ഞാൽ മാത്രമേ, ദൈവവും നമ്മളും തമ്മിലുള്ള ബന്ധത്തിന്റെ ആഴം തിരിച്ചറിയാൻ കഴിയൂ. അതിനായി സത്യ ദൈവത്തെയും സത്യവചനത്തെയും അനുഭവിച്ചറിയാൻ ശ്രമിക്കാം.